ലിറ്റിൽ കൈറ്റ്സ്

ഡി ജി എച്ച് എസ് എസ്
താനൂർ

# കാറ്റ്

ഡിജിറ്റൽ മാഗസിൻ




# ആമുഖം

ദേവധാർ ഗവൺമെന്റ് ഹയർസെക്കൺഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ " കാറ്റ് " ഇതാ നിങ്ങളുടെ മുന്നിൽ വെക്കുകയാണ്. കഥകളിലൂടെയും കവിതകളിലൂടെയും ചിത്രങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും, ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളിലേക്കുള്ള യാത്രയാണ് കാറ്റ് . മാറ്റത്തിന്റെ പുതുമയ്ക്ക് നിങ്ങളെ കൂട്ടുപിടിപ്പിക്കുന്ന ഈ ഡിജിറ്റൽ മാസികയിലൂടെ, സങ്കൽപ്പങ്ങളുടെ ചിറകുകൾ വിടർത്താനും, വ്യത്യസ്ത കാഴ്ചപ്പാടുകളിലേക്ക് കടന്നുചെല്ലാനും നിങ്ങളെ ക്ഷണിക്കുന്നു. ഇവിടെ, സർഗ്ഗശേഷി അതിരുകളില്ലാതെ പറക്കട്ടെ, വാക്കുകളും ചിത്രങ്ങളും മനസ്സിന്റെ മനോഹരമായ ഭൂപടങ്ങൾ വരച്ച് കാണിക്കട്ടെ. വായിക്കുക, പങ്കുവയ്ക്കുക -കാറ്റ് -ന്റെ ലോകത്തേക്ക് സ്വാഗതം!

# ഉള്ളടക്കം

ഡി ജി എച്ച് എസ് എസ്
താനൂർ




## കവിതകൾ

നാരങ്ങ മിഠായി
രണ്ടു കവിതകൾ
ആക്രമിക്കപ്പെട്ട മാവ്
നിന്നോട് പറയാനുള്ളത്
യുദ്ധവും സമാധാനവും
ലഹരിയുടെ തിരുമുറിവ്
സ്നേഹത്തിൻ്റെ പൂക്കൾ
ഡേ നൈറ്റ് മാച്ച്

## കഥകൾ

അക്ഷരങ്ങൾ
റസിയ
ഒരിക്കൽ കൂടി

## ലേഖനങ്ങൾ

വർദ്ധിച്ചു വരുന്ന കൊലപാതകങ്ങളും വാർത്താ മാധ്യമങ്ങളും
കമ്പ്യൂട്ടർ ലോകം

## പരിചയം

ഗോപാല കൃഷ്ണ ദേവ്ധർ

## ENGLISH POEMS

The Age
Lovely Deathnotes
Slowly




പ്രിയപ്പെട്ട കുട്ടികളേ .....

നമ്മുടെ ലോകം നമ്മൾ വിചാരിക്കുന്നതിനേക്കാൾ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. ദൂരം നമുക്ക് ഇന്നൊരു പ്രശ്നമല്ല. പ്രകാശവേഗതയോട് കിട പിടിക്കുന്ന വാഹനങ്ങൾ വരെ ഇന്ന് ലോകത്തുണ്ട്. ലോകത്തെ മാറ്റിമറിച്ച ഇത്തരം കണ്ടുപിടുത്തങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് വിവര സാങ്കേതികവിദ്യയാണ്. ലോകത്ത് എവിടെ നടക്കുന്ന കാര്യങ്ങളും അതേ നിമിഷം നമ്മളിലേക്കെത്താൻ ഇതിലൂടെ നമുക്ക് കഴിയുന്നു. കടലാസിന്റെ കണ്ടുപിടുത്തം വാർത്താ വിനിമയ രംഗത്തുണ്ടാക്കിയ മാറ്റങ്ങളേക്കാൾ പതിൻമടങ്ങ് വേഗതയിലാണ് ഡിജിറ്റൽ കമ്മ്യൂണിക്കേഷന്റെ സഞ്ചാരം. നമ്മുടെ വിരൽ തുമ്പിന് മുമ്പിലാണ് ഇന്ന് ലോകം കറങ്ങുന്നത്. കുട്ടികളായ നിങ്ങളും ഡിജിറ്റൽ യുഗത്തിൽ തന്നെയാണുള്ളത്.

ദേവധാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ വിദ്യാർത്ഥികൾ കൈ വെക്കാത്ത ഒരു മേഖലയും ഈ ലോകത്ത് ഉണ്ടാകരുത്. ഒരു ഹെഡ് മിസ്ട്രസ്സ് എന്ന നിലയിൽ എന്റെ സ്വകാര്യ അഹങ്കാരവും അഭിമാനവും ആണത്. അതിലേക്കുള്ള ഒരു ചുവടുവെയ്പാണ് നിങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ. ഈ സദുദ്യമത്തിന്ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

ബിന്ദു പി
ഹെഡ്മിസ്ട്രസ്

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്  കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ അഭിമാനവും അതിയായ സന്തോഷവും ഉണ്ട്. കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനും അറിവിന്റെ ചക്രവാളങ്ങളിലേക്ക് ഉയർത്താനും ഇതിന് സാധിക്കുമാറാകട്ടെ. ഈ ഉദ്യമത്തിൽ പങ്കുചേർന്ന് ഈ മാഗസിൻ മനോഹരമാക്കിയ എന്റെ പ്രിയപ്പെട്ട കൂട്ടുകാർക്ക് അഭിനന്ദനങ്ങൾ



അഷ്റഫ് വി വി എൻ
ഡെപ്യൂട്ടി എച്ച് എം



സർഗാത്മകതയുടെ ഡിജിറ്റൽവൽക്കരണ കാലത്ത്, ഒട്ടേറെ പുതിയ രചന കളുമായാണ് ലിറ്റിൽ കൈറ്റ്സ് നമ്മുടെ മുന്നിലെത്തുന്നത്. " ഇ"- ലോകത്തിന്റെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സിന്റെ ഇ- മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു

ബിജു കെ കെ
സ്റ്റാഫ് സെക്രട്ടറി

ദേവധാർ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഇറക്കുന്ന ഷിഫ്റ്റ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു



അജയകുമാർ പി
പി ടി എ പ്രസിഡന്റ്

# വിദ്യയിലൂടെ വിമോചനം
# ഗോപാലകൃഷ്ണ ദേവ്ധർ



ദേവധാർ ഗവൺമെൻ്റ് ഹയസെക്കൻഡറി സ്കൂൾ സ്ഥാപകൻ
**ഗോപാലകൃഷ്ണ ദേവ്ധർ**

1871 ൽ പുനയിൽ ജനനം - സർവ്വൻ്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി (SIS) ൻ്റെ സ്ഥാപകാംഗം * പുനയിലെ സേവാസദനത്തിൻ്റെ സ്ഥാപകൻ . വിദ്യാഭ്യാസം, സ്ത്രീകളുടെ പുരോഗതി, സഹകരണ പ്രസ്ഥാനം തുടങ്ങിയവയ്ക്കായി പ്രവർത്തിച്ചു . മലബാർ കലാപവുമായി ബന്ധപ്പെട്ട് SIS ന്റെ ആഭിമുഖ്യത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു . കലാപത്തിൻ്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിൽ ദാരിദ്രം, വിദ്യാഭ്യാസത്തിൻ്റെ അപര്യാപ്തത എന്നിവയുടെ പങ്ക് തിരിച്ചറിഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മിച്ചം വന്ന തുക മലബാറിലെ വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ ഇടപെടലുകൾക്കായി മാറ്റിവെച്ചു . 1922 ൽ ദേവ്ധർ മലബാർ പുനരുദ്ധാരണ ട്രസ്റ്റ് (DMRT ) രൂപീകരിച്ചു. 1935 നവംബർ 17 ന് അന്തരിച്ചു

# അക്ഷരങ്ങൾ



കുഡ് യു ഫൈൻഡ് എ വേ റ്റു ലെറ്റ് മി ഡൗൺ സ്ലോലി ....

എ ലിറ്റിൽ സിംപതി ഐ ഹോപ്പ് യു കാൻ ഡു മി...."

ഫോൺ റിങ് ചെയ്യുന്നു.

മനു എഴുന്നേറ്റു നോക്കി. അച്ഛനാണ്. സമയം ഒമ്പതു മണി കഴിഞ്ഞിരിക്കുന്നു. ഫോൺ കട്ട് ചെയ്തു താഴേക്കു നടന്നു. അല്ല ,ഇഴഞ്ഞു എന്ന് പറയുന്നതാവും ശരി . ഒരോ പടിയും ഇറങ്ങുമ്പോൾ തലയ്ക്കകത്ത് ഒരു നൂറ് കിലോ ഭാരം . ഇന്നലത്തേക്കാൾ ഭാരമാണിന്ന്. ഓരോ ദിവസവും കൂടുന്നു. അവസാനം അത് കൂടി കൂടി തനിക്കനങ്ങാൻ പറ്റാതാവുമോ?

താഴെയെത്തിയതും അച്ഛനെ കണ്ടു.

അവൻ ചിന്തകളിൽ നിന്ന് തലയൂരി.

"സമയം എത്രയായെടാ "

അച്ഛന്റെ ചോദ്യം കേട്ടതായി പോലും നടിക്കാതെ അവൻ അടുക്കളയിലേക്കു പോയി. കുറച്ച് വെള്ളം എടുത്തു കുടിച്ചു. അമ്മ ഒന്നും പറഞ്ഞില്ല. ഉപദേശിച്ച് മതിയായിട്ടുണ്ടാകും.

പിന്നെ പതിവു പോലെ ഒരു മണിക്കൂർ നീണ്ട കുളി . പത്തുമണിയായി. ബെല്ലടിച്ചു കാണും . ഇന്നും നിരാഹാരം . അച്ഛമ്മയുടെ ശകാരം വക വയ്ക്കാതെ അവനിറങ്ങി.

സ്കൂളിലെത്തിയപ്പോൾ സമയം പത്തര . ക്ലാസിൽ ടീച്ചറുണ്ടായിരുന്നില്ല അവന് സമാധാനമായി . അടുത്ത പിരീഡ് അജി മാഷിന്റെ കെമിസ്ട്രി ക്ലാസ്സ് ആയിരുന്നു. അവൻ കിടന്നുറങ്ങി.

ണിം ണിം ണിം...

ഉച്ചഭക്ഷണത്തിനുള്ള ഇന്റർവെൽ .

എല്ലാവരും ബാഗ് തുറന്നു .

അവന് ഒന്നും കഴിക്കാൻ തോന്നിയില്ല. മുൻപിലെ ബെഞ്ചിൽ പോയി ഒറ്റയ്ക്കിരുന്നു. ക്ലാസിനകത്ത് ആര്യയുടെ അഭിയുടെയും പ്രണയ സംഭാഷണങ്ങൾ തുടങ്ങിയിരിക്കുന്നു. അത് കാണാനുള്ള ശേഷി ഇല്ലാത്തതു കൊണ്ടാവാം അവൻ ക്ലാസിന് പുറത്തേക്ക് പോയി . അല്ലെങ്കിലും അവളുടെ മുഖത്ത് നോക്കാൻ പോലും ധൈര്യമില്ലാത്ത ഞാൻ .....

പുറത്ത് നിന്ന് മതിയായി. രണ്ട് മൂന്ന് പ്രാവശ്യം സ്കൂളൊന്ന് ചുറ്റി വന്നു. അതും മടുത്തു. ഇനിയിപ്പൊ ലൈബ്രറിയിലേക്ക് തന്നെ .. അവൻ അധികം വായിക്കാറൊന്നുമില്ല. പലരും വായിക്കാൻ ഉപദേശിച്ചെങ്കിലും അത് ഒന്നുരണ്ട് മിനുട്ടിൽ കൂടുതൽ നീണ്ടിട്ടില്ല. സഹിച്ച് മതിയായപ്പോൾ കൂട്ടുകാരും ഉപയോഗ ശൂന്യമായിത്തുടങ്ങിപ്പോൾ അധ്യാപകരും അവഗണിച്ചു തുടങ്ങി. വേറെ വഴിയൊന്നുമില്ലാത്തതിനാലാണ് ഇന്നലെ അവൻ ലൈബ്രറിയിൽ പോയത്. അവിടത്തെ ഗോപാലൻ മാഷിനെ തൃപ്തിപ്പെടുത്താൻ മാത്രം ഒരു പുസ്തകമെടുത്തു. തന്റെ ചിന്തകളെ മറയ്ക്കാൻ അതെടുത്ത് മേശയിൽ വച്ച് തലയ്ക്ക് കയ്യും കൊടുത്ത്തിരുന്നു.



എന്നത്തേയും പോലെ ചിന്തകൾ കൂടുതൽ അസ്വസ്ഥമാക്കുക മാത്രമേ ചെയ്തുള്ളൂ. അതിൽ നിന്ന് രക്ഷപ്പെടാനന്നെവണ്ണം അക്ഷരങ്ങളെ ശ്രദ്ധിച്ചു.... വായിച്ചു തുടങ്ങി. ചിന്തകളിൽ നിന്നും തലയൂരാൻ അതവനെ സഹായിച്ചു. ചെഗുവേരയുടെ

ീ ജ



വചരിത്രമായിരുന്നു അത്. കുറച്ചു കാലമായുള്ള തൻ്റെ ഇടതു ചായ്‌വ് കൊണ്ടും മനസ്സിലാവാൻ ബുദ്ധിമുട്ടുള്ള തരത്തിൽ ഒന്നും ഇല്ലാത്തതു കൊണ്ടും അവനത് മടുത്തില്ല. ഒരധ്യായം വായിച്ചു. പക്ഷെ പിന്നെയും വായിക്കാൻ വരണമെന്നവൻ വിചാരിച്ചിരുന്നില്ല. ഗതികേടു കൊണ്ടു മാത്രം ഇന്നുമെത്തി. ഇന്നത്തെ വായന കുറച്ചു കൂടി ആസ്വാദ്യകരമായിരുന്നു. വീണ്ടും വരണമെന്നവൻ തീരുമാനിച്ചു. അവനത് വിഷാദത്തെ മറക്കാനുള്ള ഒരു അവസരമായിരുന്നു.

അടുത്ത ദിവസവും പോയി. അതിനടുത്ത ദിവസവും. അങ്ങനെ പതുക്കെ പതുക്കെ ആ പുസ്തകം വായിച്ചു കഴിഞ്ഞു. അവിടെ

വരുന്ന ഒരു വിധം എല്ലാ കുട്ടികളോടും ഗോപാലൻ മാഷ് ആദ്യം വായിക്കാൻ പറയുന്ന കഥ ഒ വി വിജയൻ്റെ 'കടൽത്തീരത്ത്'' ആണ് എന്നവൻ ശ്രദ്ധിച്ചിരുന്നു. അതിനു മാത്രം എന്താണതിൽ ഉള്ള തെന്നറിയാനുള്ള ആകാംക്ഷ കൊണ്ട് അതു തന്നെ അവനെടുത്തു.

വെള്ളായിയപ്പൻ്റെ വേദന അവൻ്റെ ഹൃദയത്തിലൂടെ കടന്നു. വായനയ്ക്ക് ഇത്രയും കഠിനമായ അനുഭവങ്ങൾ നൽകാൻ കഴിയുമോ എന്ന് അവൻ ആശ്ചര്യപ്പെട്ടു. വിഷാദവും വായനയും ഭയങ്കര കോമ്പിനേഷനാണ്. വേദന ലഹരിയായ് മാറും.

ഓഹ്.. എന്തൊരനുഭവമാണത് ... പുസ്തകങ്ങൾ മുഴുവൻ വായിച്ചു തീർക്കാനുള്ള അതിയായ ഒരു ആവേശം അവനിൽ നിറഞ്ഞു . മനുഷ്യൻ അത്യാഗ്രഹിയല്ലേ. ആവേശം ഒരിക്കലും അടങ്ങില്ലല്ലോ. പിന്നെയും വായിച്ചു. പതിയെ ആവേശം എഴുത്തിലേക്കും പ്രവഹിച്ചു. അവൻ്റെ അധിക ഭാരത്തെയെല്ലാം പേനയിലൂടെ പേപ്പറിൽ ഇറക്കി, അക്ഷരങ്ങളായ്. അതു പടർന്നു കൊണ്ടേയിരുന്നു ..... വിഷാദത്തെ ഉന്മാദമാക്കി ...

വൈഗ കെ
10 A



# നാരങ്ങമിഠായി

ഓർമ്മകളുടെ
പച്ചഞരമ്പുകളാണവ.
കട്ടുറുമ്പ്
കുത്തിയപോൽ
നീറ്റുന്നുമുണ്ട്
പിന്നെയും പിന്നെയും....

പുളിരുചി
തൊട്ട് ഓർമ്മകൾ
നാവിലൂറിയൂറി
വരുമൊപ്പമവൾ
കുപ്പിവള
കിലുക്കമായി.

പ്രണയമൊരു
പൂമരം.
ഒറ്റയിലയാൽ
എഴുതിയ
പേരുകൾ
ഭിത്തിയിലടർന്നു
നിൽക്കുന്നു.

പുരാതനം
വേരുകൾ
ചികഞ്ഞു പോകവെ
മഹാമരങ്ങൾ
തണലാഴങ്ങളിൽ
ഇരുട്ടും
തണുപ്പും
നിറയക്കുന്നു.

മൂകമാം
ദ്വീപ് ചൂണ്ടി
മറന്നുവോയെന്ന
പരിഭവം
ചുട്ടുനീറ്റുന്നു
കണ്ണുകൾ.



ഓർമ്മകളുടെ
ഇലഞരമ്പിൽ
ഓട്ടോഗ്രാഫ്
പൊടിയുന്നു.
മറക്കില്ലൊരിക്കലും
വെറുതെ കുറിച്ചിട്ട
വരികൾ
കൊഞ്ഞനം കുത്തുന്നു.

നീയും ഞാനും
രണ്ട് ബിന്ദുക്കൾ.
മഞ്ഞയോ
ഓറഞ്ചോ
അല്ലികൾ..

രുചികളുടെ
മഹാസമുദ്രത്തിൽ
പുളിച്ചുപുളിച്ച
മറവികൾ.


**അനിൽ ജി ടി കെ**

HST Social Science

# രണ്ട് കവിതകൾ

## അപരിചിതത്വം

മനോഹരമായൊരു തുടക്കമായി -
രുന്നുവത് എന്നു ഞാൻ കരുതി
അല്ല അത് ശരിയല്ല
എല്ലാം മാറി പോയി
മനോഹരമായ ഈ ബന്ധത്തിൻ്റെ
തകർച്ചയും ഇരു ഹൃദയങ്ങളുടെ
പിടച്ചിലുമായി മാറി..
അത്രമേൽ പരസ്പരം അറിയാവുന്ന
അപരിചിതരായി മാറി ഏവരും

**ഫാത്തിമ സൻഹ**
**9 എൻ**

## ശത്രുവോ നീ

പുലർ നേരത്ത് അനുവാദം
കൂടാതെ കടന്നു വന്നു
ശപിച്ചെങ്കിലും വേണ്ടെന്ന് തോന്നി
സ്കൂൾ മുറ്റം ചവിട്ടാൻ മടിക്കുന്ന
എന്നെ മഴത്തുള്ളികൾ മാടി വിളിച്ചു
തോഴന്മാരുമൊത്ത് കുടയിൽ
നടക്കാനും മഴയെ ആസ്വദിക്കാനുമായ്
എന്നാലറിഞ്ഞിരുന്നില്ല ഞാൻ
ആസ്വദിച്ച മഴ തരുന്നത്
തീരാ ദുഃഖമാണെന്ന്

# ആക്രമിക്കപ്പെട്ട മാവ്

അല്ലയോ ആക്രമിക്കപ്പെട്ട മാവേ......
ഞങ്ങൾക്ക് തന്നിരുന്ന ഊറ്റികുടിയൻ മാങ്ങ നീ എന്ത് ചെയ്തു?

ഞങ്ങൾ കളിച്ചുകൊണ്ടിരുന്ന കൊമ്പ് നീയെന്തേ ഒടിച്ചു കളഞ്ഞു?

നിനക്ക് എന്തെ ചിത്തഭ്രമം സംഭവിച്ചോ?

ഹേ...
ഇത്തിലകണ്ണി നീയാണ് എന്റെ മാവിനെ ആക്രമിച്ചത്

നീ അറിയുന്നുണ്ടോ?

നീ നശിപ്പിച്ചതെന്തെന്ന്



ഒരുപാട് ജീവജാലങ്ങൾക് അന്നവും തണലും നൽകി
ജീവിതത്തെ നിലനിർത്താൻ സഹായിച്ചിരുന്നതും

ഒരുപാട് ഓർമ്മകൾ  ഞങ്ങൾക്ക് നൽകിയതുമായ
ഒരു മാവിനെ

ഈമാവിനെ നീ വെറുതെ വിടണം

മറ്റുള്ളവരുടെ ദേഹത്തു നിന്നും മാറി

സ്വന്തം കാലിൽ നിൽക്കാൻ പഠിക്കുക

അതാണ് ഏറ്റവും  ഉത്തമം!

# റസിയ

പൊട്ടി തകർന്ന ജനൽ ഒരു വിധത്തിൽ തള്ളി തുറന്ന് അവൾ പുറത്തേക്ക് നോക്കി...
ഹൃദയം തകരുന്ന ആ കാഴ്ച്ച കണ്ട് അവളുടെ ഉള്ളൊന്ന് പിടഞ്ഞു ... ഇന്നലെ വരെ തന്റെ കൺമുന്നിൽ കണ്ട വലിയ ഫ്ലാറ്റുകളും, അകലെയുള്ള ഫാക്ടറിയും .... സ്കൂളും... പാർക്കും ....,
ഒന്നും തന്നെ ഇന്നവിടെ കാണാനില്ല.... ചവറു കൂമ്പാരങ്ങൾ പോലെ എല്ലായിടത്തും കുറേ കോൺക്രീറ്റ് കൂനകൾ മാത്രം...
കണ്ണിൽ നിന്ന് ഉതിർന്ന രക്ത തുള്ളികൾ കൈകൾ കൊണ്ട് തുടച്ച് റസിയ വീടിന് പുറത്തേക്കിറങ്ങി... പൊടി പടലങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ വ്യക്തമായ് ഒന്നും കാണാനില്ല..., തന്റെ സ്വന്തക്കാരും സുഹൃത്തുക്കളും , അയൽക്കാരും...
അവൾ തന്റെ ചുറ്റും ഒരു പരിചിത മുഖത്തിനു വേണ്ടി തിരഞ്ഞു കൊണ്ടേയിരുന്നു...
മുഖം വികൃതമായ കണ്ടാൽ തിരിച്ചറിയാത്ത മനുഷ്യ ജഢങ്ങൾ കണ്ട് അവൾ അലറി കരഞ്ഞു...

"യാ... അള്ളാ..."
"എന്നെ മാത്രം നീ... എന്തിന് ബാക്കിയാക്കി..."

തന്റെ ഉറ്റവർ ഇല്ലാതെ .... ഒരു നിമിഷം... തനിക്കീ ഭൂമിയിൽ ജീവിക്കാൻ കഴിയില്ല. എന്ന സത്യം റസിയക്ക് അറിയാമായിരുന്നു.

ആ വേർപാട് അവൾക്ക് താങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല....,
കരഞ്ഞു കലങ്ങിയ മുഖത്തോടെ ചുറ്റുപാടും ഓടി നടന്ന് അവൾ എന്തൊക്കെയോ അന്വേഷിക്കുന്നുണ്ടായിരുന്നു.
ദുഃഖകരമായ ഈ കാഴ്ച്ച കണ്ട് ഒരു പട്ടാളക്കാരൻ റസിയയുടെ അടുത്ത് വന്ന് തിരക്കി..

"മകളേ... നിനക്ക് കുഴപ്പം വല്ലതും ...., "
കരഞ്ഞു കലങ്ങിയ മുഖമുയർത്തി അവൾ ആ പട്ടാളക്കാരനോട് ... പറഞ്ഞു ...
"ഭയ്യാ... എന്റെ ഉമ്മ, ഉപ്പ.. സഹോദരങ്ങൾ ... "
അവൾക്ക് കൂടുതലൊന്നും പറയാൻ കഴിയാതെ അവൾ പൊട്ടി പൊട്ടി കരയാൻ തുടങ്ങി...
പട്ടാളക്കാരൻ സ്നേഹത്തോടെ അവളെ തലോടിക്കൊണ്ട് പറഞ്ഞു.

"എന്റെ പൊന്നുമകളേ... നീ കരയേണ്ട
വരൂ... നിന്നെ ഞങ്ങൾ ക്യാമ്പിലേക്ക് ആക്കാം..., നിന്റെ വേണ്ടപ്പെട്ടവരെല്ലാം... ചിലപ്പോൾ അവിടെയുണ്ടാകും .... വരൂ... "

എന്തോ... ഒരു പ്രതീക്ഷ കൈവന്നത് പോലെ റസിയ ആ പട്ടാളക്കാരനോടൊപ്പം ഒരു ജീപ്പിലേക്ക് കയറി...

ആകാശത്തിലൂടെ ചീറി പായുന്ന യുദ്ധവിമാനങ്ങളും, മിസൈലുകളുമെല്ലാം ആ കുഞ്ഞു ഹൃദയത്തെ വല്ലാതെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു...

ചുറ്റുമുള്ള ഭീകരമായ കാഴ്ചകൾ കാണാതിരിക്കാനായി കണ്ണുകളടച്ച് അവൾ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.അവളുടെ മനസ്സിൽ അപ്പോൾ ഒരേയൊരു ആഗ്രഹം മാത്രമാണ് ◌്ടായിരുന്നത്...



പൊട്ടി തകർന്ന ജനൽ ഒരു വിധത്തിൽ തള്ളി തുറന്ന് അവൾ പുറത്തേക്ക് നോക്കി...
ഹൃദയം തകരുന്ന ആ കാഴ്ച്ച കണ്ട് അവളുടെ ഉള്ളൊന്ന് പിടഞ്ഞു ... ഇന്നലെ വരെ തന്റെ കൺമുന്നിൽ കണ്ട വലിയ ഫ്ലാറ്റുകളും, അകലെയുള്ള ഫാക്ടറിയും .... സ്കൂളും... പാർക്കും ....,
ഒന്നും തന്നെ ഇന്നവിടെ കാണാനില്ല.... ചവറു കൂമ്പാരങ്ങൾ പോലെ എല്ലായിടത്തും കുറേ കോൺക്രീറ്റ് കൂനകൾ മാത്രം...
കണ്ണിൽ നിന്ന് ഉതിർന്ന രക്ത തുള്ളികൾ കൈകൾ കൊണ്ട് തുടച്ച് റസിയ വീടിന് പുറത്തേക്കിറങ്ങി... പൊടി പടലങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ വ്യക്തമായ് ഒന്നും കാണാനില്ല..., തന്റെ സ്വന്തക്കാരും സുഹൃത്തുക്കളും , അയൽക്കാരും...
അവൾ തന്റെ ചുറ്റും ഒരു പരിചിത മുഖത്തിനു വേണ്ടി തിരഞ്ഞു കൊണ്ടേയിരുന്നു...
മുഖം വികൃതമായ കണ്ടാൽ തിരിച്ചറിയാത്ത മനുഷ്യ ജഡങ്ങൾ കണ്ട് അവൾ അലറി കരഞ്ഞു...

"യാ... അള്ളാ..."
"എന്നെ മാത്രം നീ... എന്തിന് ബാക്കിയാക്കി..."

തന്റെ ഉറ്റവർ ഇല്ലാതെ .... ഒരു നിമിഷം... തനിക്കീ ഭൂമിയിൽ ജീവിക്കാൻ കഴിയില്ല. എന്ന സത്യം റസിയക്ക് അറിയാമായിരുന്നു.

ആ വേർപാട് അവൾക്ക് താങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല....,
കരഞ്ഞു കലങ്ങിയ മുഖത്തോടെ ചുറ്റുപാടും ഓടി നടന്ന് അവൾ എന്തൊക്കെയോ അന്വേഷിക്കുന്നുണ്ടായിരുന്നു.
ദുഃഖകരമായ ഈ കാഴ്ച്ച കണ്ട് ഒരു പട്ടാളക്കാരൻ റസിയയുടെ അടുത്തു വന്ന് തിരക്കി..

"മകളേ... നിനക്ക് കുഴപ്പം വല്ലതും ...., "
കരഞ്ഞു കലങ്ങിയ മുഖമുയർത്തി അവൾ ആ പട്ടാളക്കാരനോട് ... പറഞ്ഞു ...
"ഭയ്യാ... എന്റെ ഉമ്മ, ഉപ്പ.. സഹോദരങ്ങൾ ... "
അവൾക്ക് കൂടുതലൊന്നും പറയാൻ കഴിയാതെ അവൾ പൊട്ടി പൊട്ടി കരയാൻ തുടങ്ങി...
പട്ടാളക്കാരൻ സ്നേഹത്തോടെ അവളെ തലോടിക്കൊണ്ട് പറഞ്ഞു.

"എന്റെ പൊന്നുമകളേ... നീ കരയേണ്ട വരൂ... നിന്നെ ഞങ്ങൾ ക്യാമ്പിലേക്ക് ആക്കാം..., നിന്റെ വേണ്ടപ്പെട്ടവരെല്ലാം... ചിലപ്പോൾ അവിടെയുണ്ടാകും .... വരൂ... "

എന്തോ... ഒരു പ്രതീക്ഷ കൈവന്നത് പോലെ റസിയ ആ പട്ടാളക്കാരനോടൊപ്പം ഒരു ജീപ്പിലേക്ക് കയറി...

ആകാശത്തിലൂടെ ചീറി പായുന്ന യുദ്ധവിമാനങ്ങളും, മിസൈലുകളുമെല്ലാം ആ കുഞ്ഞു ഹൃദയത്തെ വല്ലാതെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു...

ചുറ്റുമുള്ള ഭീകരമായ കാഴ്ചകൾ കാണാതിരിക്കാനായി കണ്ണുകളടച്ച് അവൾ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.അവളുടെ മനസ്സിൽ അപ്പോൾ ഒരേയൊരു ആഗ്രഹം മാത്രമാണ് ്ടായിരുന്നത്...
"തന്റെ വേണ്ടപ്പെട്ടവരെല്ലാം... ജീവനോടെ ... "

ബോംബുവീണ് തകർന്ന റോഡിലൂടെ ആടിയുലഞ്ഞ് ആ ജീപ്പ് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു..

റസിയ ഇടയ്ക്കൊന്ന് കണ്ണുതുറന്ന് ജീപ്പിലുള്ളവരെ നോക്കി ..
ജീപ്പ് ഓടിക്കുന്ന പട്ടാളക്കാരന് മുഖത്തും കൈയിലുമൊക്കെ ധാരാളം മുറിവുകൾ ...,

പക്ഷെ അതൊന്നും കാര്യമാക്കാതെ മരണപ്പെട്ടവരേയും, പാതി ജീവനുള്ളവരേയും ഒക്കെ കോൺക്രീറ്റ് കൂമ്പാരങ്ങൾക്കിടയ്ക്ക് നിന്നും കണ്ടെത്തി അവരെ ക്യാമ്പുകളിലേക്ക് എത്തിക്കാൻ അയാളും സംഘവും അഹോരാത്രം അധ്വാനിച്ചു

കൊണ്ടേയിയിക്കുന്നു. അയാളുടെ മുഖത്തു നിന്നും അയാൾ ഉറങ്ങിയിട്ട് രണ്ടും ദിവസമെങ്കിലും ആയിട്ടുണ്ടെന്ന് റസിയക്ക് മനസ്സിലായി... , സ്വന്തം ജീവൻ പോലും പണയം വെച്ചുള്ള ആ പട്ടാളക്കാരുടെ ജീവിതം കൺമുന്നിൽ കണ്ടപ്പോൾ റസിയക്ക് അവരോട് വളരെ ആദരവ് തോന്നി...

ആടിയുലഞ്ഞ ജീപ്പ് വലിയൊരു ടെന്റിനു മുന്നിലാണ് വന്നുനിന്നത്. എങ്ങും നിലവിളികളും , നേർത്ത ഞരക്കങ്ങളും മാത്രം .... . ആയിരങ്ങൾ ജീവനു വേണ്ടി പിടയുന്ന ഭീകരമായ ആ കാഴ്ച്ച റസിയയെ ഞെട്ടിച്ചു...

ആ തിരക്കിനിടയിലും അവൾ തന്റെ ഉറ്റവരെ തിരഞ്ഞു കൊണ്ടേയിരുന്നു..
മുക്കും മൂലയും അരിച്ചു പെറുക്കിയിട്ടും നിരാശ മാത്രമായിരുന്നു... ഫലം

അവളുടെ ഉള്ള് പിടക്കാൻ തുടങ്ങി .. ഹൃദയം പൊട്ടിതെറിക്കുന്നത് പോലെ ...
ഒരു നിമിഷം ....
മരണപെട്ടവരെ വരിവരിയായി കിടത്തിയിരിക്കുന്ന കൂട്ടത്തിലും ഹൃദയ വേദനയോടെ ... അവൾ തന്റെ സ്വന്തക്കാരെ തിരഞ്ഞു ...
ഓരോ മുഖങ്ങളും കൺമുന്നിൽ നിന്ന് മറയുമ്പോഴും അവളുടെ ഉള്ളിൽ ചെറിയൊരു ആശ്വാസം നിഴലിച്ചു .

"ഇല്ല ... ഈ കൂട്ടത്തിൽ അവരില്ല...

യാ... അള്ളാ... എന്ത് പരീക്ഷണമാണ് നീ അവർക്കായി കാത്ത് വെച്ചിരിക്കുന്നത് " എനിക്ക് ഈ ഭൂമിയിൽ ഒരു അവസരം കൂടി തന്നതു പോലെ.. എന്റെ ഉറ്റവർക്ക് കൂടി...."

കൈകൾ മുകളിലേക്ക് ഉയർത്തി അവൾ ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു...

"റസിയാ..."

ആ വിളി...
അവൾ ആവേശത്തോടെ മുഖം തിരിഞ്ഞ് നോക്കി....
സന്തോഷവും സങ്കടവും സഹിക്കവയ്യാതെ... അവൾ ഒരു നിമിഷം തരിച്ചിരുന്നു പോയി...

അസൈനാർ
HST മലയാളം

# നിന്നോട് പറയാനുള്ളത്

താങ്ങായിരുന്ന തടിയുടെ
തായ് വേരിളക്കിയാണ്
നീ കൂടൊഴിഞ്ഞു
പോയത്
എൻ്റെ മനസ്സിൽ
നിന്നും
നിൻ്റെ
സ്വപ്നങ്ങളിലേക്കായിരുന്നു
നീ ഇറങ്ങി നടന്നത്
മനസ്സിൽ പൂത്ത
വസന്തത്തിൻ്റെ
ഗന്ധമായിരുന്നു
നിന്നിൽ നിറയെ
ചേക്കേറിയ ചില്ലകൾക്ക്
കരുത്തില്ലെന്ന സത്യം
നിൻ്റെ മനസ്സിനെ
ഊറനാക്കി
ശൂന്യമായ മനസ്സിന്
വേഗമേറെയായിരുന്നു
അനന്തതയിലേക്ക്
ആണ്ടു പോയ ആ രാത്രി
നിറം മങ്ങിയ
പുസ്തകത്താളുകളിലേക്ക്
നിൻ്റെ ജീവിതം
മാറ്റിയെഴുതി
സ്വപ്നങ്ങൾ
ഞെരിഞ്ഞമർന്ന് നിറം
നഷ്ടപ്പെട്ട കണ്ണുകൾക്ക്
തിളക്കമാവാൻ
ഇനിയെങ്കിലും
നിനക്കാവട്ടെ

ബേബി സിന്ധു
HST സോഷ്യൽ സയൻസ്

# *The Age*

Where laughter and Joynes's turned into anger and anxiety

Where friends turned into strangers, the chapter rearranges

Where she laughed through her pain even though, she hated it

Where our dreams to catch a star to being a star in the sky

Where poetry starts to sound depressed and dark

Where their sound goes silent without them knowing

Where we cry silent so no one would hear you

Where we stopped to cry our lungs out so no one would hear us

Where we got lonely even when we're surrounded by people

Where we wish to be heard through our silence

Where papers turned into skin, where we wish to get a hug

Where we must gather energy to pretend to be happy

Where we meet a lot of temporary and fake friends

Nadah E.M
10 A



# യുദ്ധവും, സമാധാനവും

----------------*---------------------

വംശവും, വർണ്ണവും നീണാൽ ജയിക്കട്ടെ.

മതങ്ങളും, ജാതികളും ഭരണത്തിലേറട്ടെ

.

ഗോത്ര -വർഗ്ഗ ചിന്തകൾ ഇന്ധനമേകട്ടെ.
യുദ്ധവും, കലാപങ്ങളും കൊടുമ്പിരികൊള്ളട്ടെ.
നൂറ്റാണ്ടുകളുടെ, സഹസ്രാബ്ധങ്ങളുടെയും
നേട്ടങ്ങളത്രയും ഉരുട്ടിവീഴ്ത്തപ്പെടട്ടെ.
കാട്ടിലെ ജീവിതത്തിൽനിന്നും
നമ്മൾ ഒരുപാട് മാറിയത്രേ
അറിവിപ്പോൾ നിറഞ്ഞൊഴുകുകയാണത്രെ.
ഗോളമിപ്പോൾ ആഗോളഗ്രാമവുമായെന്ന്.
പ്രപഞ്ചം മുഴുക്കെ കാണാൻ മാത്രം നമ്മളിപ്പോൾ മിടുക്കരായത്രേ.

എന്നിട്ടും-

ചിന്തകരിന്നും നിരാശയിലാണത്രെ.
അവരുടെ ദുഃഖം കാണാതായ ചില പദങ്ങളാണത്രെ
സമാധാനം എന്നൊരു വാക്കുണ്ടായിരുന്നത്രെ
അവരതേപ്പറ്റിയന്വേഷിക്കുകയാണത്രെ

അബ്ദുൾ അഹദ്
8P




Best
Friends









# LOVELY DEATHNOTES

I'm the father of a girl
who lives in an awful society...
I was in search of something for a long
time....the thing is, the soul of my daughter..
something was missing in her..that love,
care, warmth, and affection have gone now...
I can't find an answer for this question....
is that my baby who has
grown up in my wife's body?

We have given our lives;
With love for her ruthless soul.... time has killed everything...
At least this time, can I check my daughters
school bag? her precious heart, that filled
with sweet memories? time is up... but still
let me try to open the lock of her heart,
I was very rude to my girl, that's why I am

suffering here...
the zip is so tight. It takes a long time to
open it...

But then i found something....
a freaky peacock eye was preserved in her
primary standard notes, her fifthclass notes
saved some drawings of her childhood....
think she had wonderful dreams at
night..the bag was big just like my girl's
heart...but now she has been haunted by an
object...an object that kills our time and life
'a smartphone'.....in the college times she
might have had some dreams, I know. but
not so beautiful as her childhood days...
Her bag is empty now... like her heart... i can
find the last precious gifts for me in that
bag..... it's her broken heart and lovely death

note for me...
I'm just done as a man!!!!



KRISHNA MANOHARA VARMA.M
S1 E


# ലഹരിയുടെ തിരുമുറിവ്

മുറിവ്
ലഹരിയുടെ മുറിവ്
ആനന്ദം പരമാനന്ദമായ്
ആവശ്യങ്ങൾ വാശികളായി
ബന്ധങ്ങൾ അബദ്ധങ്ങളായി
സ്വർഗ്ഗാരോഹണം
നടത്തുന്ന
ലഹരിയുടെ മുറിവ്
തിരുമുറിവ്

മാതാപിതാ ഗുരു ദൈവം പണ്ട്
ലഹരി മാത്രമാകുന്നു ഏകദൈവം
ഇന്ന്
ചെയ്യുന്ന തെറ്റിന്റെ വിലയറിയാതെ
തന്നെ തന്നെയറിയാതെ
അടിമപ്പെട്ടു പോകുന്ന
ലഹരിയുടെ മുറിവ്

ഉണരുക
പ്രതികരിക്കുക
അല്ലെങ്കിൽ
അച്ഛൻ, അമ്മ, സഹോദരർ
സുഹൃത്ത് ...
ബന്ധങ്ങളെല്ലാം ....
വെറും പഴങ്കഥ

സുബീഷ് -T
ക്ലാസ്സ് - 10 L



# സ്നേഹത്തിൻ്റെ പൂക്കൾ

ഒരു കൊട്ട പൂക്കളുമായാണ്
ഓരോ സ്നേഹവും വന്നത്.
ജമന്തി ചെണ്ടുമല്ലി
ചെമ്പകം ചെമ്പരത്തി...
ഓരോന്നിനും
ഓരോ നിറമായിരുന്നു.
ഗന്ധവും പലത്.
രുചിയും മാറി മാറി.
ഹൃദയത്തിൻ്റെ ചുവപ്പ്
മുടിയുടെ മണം
വിയർപ്പിൻ്റെ രുചി.
പൂക്കളാൽ പൊതിഞ്ഞിരുന്നു
രാപകലുകൾ
നേരത്തിനാരും
അതിരിട്ടിരുന്നില്ല.
സ്വപ്നം പോലെ ഒഴുകുകയായിരുന്നു പൂക്കൾ.
ചിലത് വള്ളിയായി
കാലിലും കയ്യിലും
തലയിലും പടർന്ന് കേറി
പൂ കൊണ്ട് കിരീടം
പൂ കൊണ്ട് പുടവ
പൂക്കളുടെ ഊണ്
പൂക്കളിലുറക്കം.
മതി മറന്നു
മറ്റൊരു ലോകമില്ലെന്ന്
നീയില്ല ഞാനില്ല
നമ്മളൊന്ന് മാത്രമെങ്ങും.
വാക്കിന് ചിറകുകൾ
സമയത്തിന് പ്രവാഹം
നിലാവിൽ പാൽപ്പായസം
ചിന്തയിൽ കുറുമ്പ്.
വിളിയോട് വിളി
ആയിരം നാവുള്ള വിളി.
മൗനത്തിൻ്റെ പളുങ്ക്
ഉമ്മയുടെ മയിൽപ്പീലി.
നിമിഷങ്ങളുടെ ധ്യാനം
ശ്വാസത്തിൻ്റെ കുറുകൽ
കാൽക്കീഴിലേക്ക്
ലോകം വിരുന്നു വന്നു.
ഭാവന കൊണ്ട് വീടൊരുങ്ങി.
അതിരിൽ തെച്ചിയും
അരിമുല്ലയും.
ഇരുന്ന് കിസ പറയാൻ
ഇലഞ്ഞിപ്പൂമരം
സ്വകാര്യമൊളിപ്പിക്കാൻ
മഞ്ഞമുളങ്കാട്.
കറിവെക്കാൻ
കോവലും പപ്പായയും.
പ്രാതലിന്
ഇഡ്ഡലിയും സാമ്പാറും
ഉച്ചക്ക് ചോറും ചമ്മന്തിയും തോരനും
അത്താഴത്തിന്
കഞ്ഞിയും പുഴുക്കും
ചുട്ട പപ്പടവും
നാവിൽ രസമൂറി
കണ്ണിൽ കണ്ണാടിമിനുപ്പ്.
ഓടി നടക്കാൻ മക്കൾ
മനസ്സിൽ മൊട്ടിട്ടു
ഋതുക്കൾ പോലെ
ഓരോ കാലത്തിനും
കുട്ടാവാനാറ് പേര് .
അടിവയറപ്പോഴേ കനത്തു
മഞ്ഞ് പെയ്ത്
കുടം കണക്ക് കിനാവ്
വീർത്തുരുണ്ടു.

പെട്ടെന്നൊരേറ്
ഉള്ളിൽ മിന്നൽപ്പിണരേറ്.
നമ്മുടെ സമൂഹമരം
ജാതിമരം
കോമരമരം പൂത്തലറി .
മറക്കുമോ നീ ?
ഇല്ല , മറക്കില്ലൊരിക്കലും
ഞൊടിയിടയിൽ
രാവിന് കട്ടി കൂടി
നാവിനും.

ഇരുട്ട് പടർന്ന് കേറി
ഇടിവെട്ടും.
കൈതപ്പൂമെത്ത
കാട്ടുമുള്ളായി.
മതിയെല്ലാം
നമുക്കാവില്ല മുന്നേറുവാൻ.
നിർത്താമിനി സ്വപ്നനാടകം.
ഓർത്തോർത്ത് വീർക്കാം
കരഞ്ഞ് കരഞ്ഞ് തെളിയാം.
കാലിനിടാം ചങ്ങല
കരളിനോ?
ഉണ്ട പാത്രം കഴുകിവെക്കും മുമ്പേ
കഞ്ഞിക്കലമുടഞ്ഞ പോൽ....
കാത്തിരിക്കാം
എത്ര വേണേലും ,
ഒറ്റ വാക്കു മതി
ജന്മം അമൃതമാകാൻ.
അരുതേ കയർക്കരുതേ
വെറുക്കരുതേ
വെറുതെയാവില്ല
നാം കണ്ട കിനാവുകൾ !
കാലത്തിന്റെ കടലാസു പൂക്കൾ
പിന്നെയും പൂത്തു മാഞ്ഞു
നീയെവിടെ ? ഞാനെവിടെ ?
നീയാരായ് ? ഞാനാരായ് ?
വീടിന് ചുറ്റും നാം നട്ടത്
തൊട്ടാവാടിയായിരുന്നോ?
നമ്മുടെ കവിതകൾ
കാഞ്ഞിരക്കുരുവായിരുന്നോ? നിന്റെ
നാരായമുനക്കത്തിലെൻ
പനയോല കീറി മുറിഞ്ഞു.
പൂക്കളാണ് നീ വരഞ്ഞത്
തലങ്ങും വിലങ്ങും കോറി മുറിഞ്ഞ
ചോരപ്പൂക്കൾ .
ചോരമണക്കാത്ത
പൂക്കളില്ല സ്നേഹത്തിൽ
കണ്ണീരുപ്പിടാത്ത കഞ്ഞിയും .
കാത്തിരിക്കാൻ ഇനിയുണ്ടോ
സ്നേഹത്തിന്റെ നാമ്പുകൾ ?
വെട്ടിയകറ്റിയാലും
കുറ്റിയിൽ പൊടിക്കുമോ
മോഹത്തിന്റെ മുളകൾ ?
ഇനിയുമലങ്കരിക്കുമോ
സ്നേഹമാത്മാവിനെ?
വരും കാലത്തിനേകുവാൻ
സ്നേഹത്തിൻ കടം മാത്രം
ബാക്കിയാക്കുമോ നാം?
ഇതാ ,എന്റെ നെഞ്ചിലെ
തേൻമല്ലിക ,നിലാവെളിച്ചം.
വെറുതെയാവില്ലെന്റെ ജന്മം
നിനക്കു ചൂടാനുള്ള
പൂവാണു ഞാൻ !

ദിലീപ് കുമാർ
HSST Malayalam

# വർദ്ധിച്ചു വരുന്ന കൊലപാതകങ്ങളും
# വാർത്താ മാധ്യമങ്ങളും

നമ്മളിപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത് കലികാലത്തിലൂടെയാണ് ; കാലന്മാർ വിളയാടുന്ന കാലം.
കലികാലത്തിന്റെ സന്തതസഹചാരികളാണ് കൊലപാതകങ്ങളും, പ്രകൃതിവിരുദ്ധമായ കുറ്റകൃത്യങ്ങളും.
നേരം പുലർന്നാൽ  നാം കേൾക്കുന്നത് ഇവയെല്ലാമാണ് . കാരണം,ഓരോ സംഭവവികാസങ്ങൾ അരങ്ങേറുമ്പോഴും ആ നിമിഷം വിവരങ്ങൾ നമ്മുടെ കാതുകളിൽ വന്ന് കാത്തിരിക്കും .വാർത്താമാധ്യമങ്ങളെയാണ് പറഞ്ഞുവരുന്നത് . കൈരളി ,മാതൃഭൂമി ,മനോരമ എന്നിങ്ങനെ വർണശബളമായ നാമങ്ങളിൽ വാർത്താമാധ്യമങ്ങൾ അറിയപ്പെടുന്നു . വിവരങ്ങളും വിസ്മയങ്ങളും നമ്മിൽ എത്തിക്കുന്നുണ്ടെങ്കിലും ഈയിടെ വാർത്താമാധ്യമങ്ങളിൽ ഒരു ദുസ്വഭാവം കടന്നുവരുന്നുണ്ട് . അതായത്,മാധ്യമങ്ങൾ



ക്ക് കൂറുള്ള രാഷ്ട്രീയകക്ഷികളോ മറ്റോ ചെയ്യുന്ന കുറ്റങ്ങളെ വളച്ചൊടിക്കൽ, അവരുടെ മേൽ നന്മ ആരോപിക്കൽ എന്നീ പ്രക്രിയകൾ ക്ക് ശേഷം നമ്മിൽ എത്തിക്കുന്നു. ഇതിനാൽ വാർത്തകളെ വിശ്വസിക്കാനു ം, ഗ്രഹിക്കാനും നാം ബുദ്ധിമുട്ടുന്നു.മ റ്റൊരു വിധത്തിലാണെങ്കി ൽ,കുറ്റവാളികളെ കണ്ടെത്തി, ശിക്ഷിക്കാൻ പോലീസിന് ശേഷം വാർത്താ മാധ്യമങ്ങൾക്കാണ് പങ്ക്. നന്മ പകർന്ന് നൽകേണ്ടവർ , ആളുകളിൽ തിന്മ നിറക്കുന്നത് തടയേണ്ടതാണ്. മാത്രമല്ല, ജീവിതത്തെ അപകീർത്തിപ്പെടുത്തി, മറ്റുള്ളവരുടെ ജീവിതവും നരക പൂർണ്ണമാക്കാനും ശ്രമിക്കുന്നവരാണ് കുറ്റകൃത്യങ്ങൾ നടത്തുന്നത്. അവരെ ജനങ്ങൾക്ക് മുമ്പിൽ കൊണ്ടുവരാൻ മാധ്യമങ്ങൾ പോലീസിനെ സഹായിക്കുന്നു. ജീവിതം സഫലമാകാൻ നന്മ നിറഞ്ഞ പ്രവർത്തികൾ പങ്കാളിയാകണം. അതിനിടയ്ക്ക് ചെകുത്താന്റെ കടന്നുവരവ് മൂലം മനുഷ്യനിൽ പൈശാചിക ചിന്തകൾ മുളപൊട്ടുന്നു.ഇനി വളർന്നുവരുന്ന ചെകുത്താന്മാരെ മുളയിലെ നുള്ളാൻ നമ്മൾ പരിശ്രമിക്കേണ്ടതുണ്ട്. നമുക്കൊപ്പം രാപകലില്ലാതെ പ്രവർത്തിക്കാൻ പോലീസും എക്സൈസ് വകുപ്പും ചൈൽഡ് ലൈനും കൂടെയുണ്ട്.

ദേവനന്ദ എം എസ്
8N

# ഒരിക്കൽ കൂടി

ട്രെയിൻ അകന്നുപോയി,റെയിൽവേ സ്റ്റേഷനിലെ ശബ്ദങ്ങളും ആരവങ്ങളും നേർത്തു വന്നു.വേണ്ടപ്പെട്ടവർ ടാറ്റ പറഞ്ഞ് പോയി.കണ്ണുകളിൽ നിന്ന് എല്ലാം മറയുകയാണ്.ഒരു ജന്മത്തിന്റെ ശാപവും,പ്രായശ്ചിത്തവും,കടമകളും അകന്നു പോയി.ഇന്ന് ജൂലൈ 19 ,ഒരു മരണവും ഒരു ജനനവും അന്ന് സംഭവിച്ചിരിക്കുന്നു.മരിച്ചുകിടന്നിരുന്ന എന്നിൽ നിന്ന് തന്നെ ഒരു വർണ്ണകനവുകൾ തേടിയുള്ള പുനർജന്മം.വീണ്ടും പഴയതുപോലെയുള്ള ഒരു യാത്രയ്ക്ക് എൻറെ ബാഗുകൾ ഒരുങ്ങി കഴിഞ്ഞിരിക്കുകയാണ്. ആ ദിവസത്തിൻറെ ഓർമ്മകളുടെ സുഗന്ധത്തിലേക്ക് ഇറങ്ങാതിരിക്കാൻ എനിക്കായില്ല.....

തനിക്ക് പോകാനുള്ള ട്രെയിൻ ചൂളംവിളിച്ച് വരികയാണ്.സാധനങ്ങളുമായി ആദ്യത്തെ കമ്പാർട്ട്മെന്റിൽ അവൾ കയറിയിരുന്നു. അറ്റത്തെ സീറ്റിൽ സ്ഥാനം പിടിച്ചു.ആരോടും സഹകരിക്കാൻ ഇഷ്ടമില്ലാത്തതുകൊണ്ടല്ല,അവൾ അങ്ങനെയാണ് 'സംസാരിക്കുന്നതിനേക്കാൾ കാഴ്ചകൾ കാണുവാനാണ് അവൾക്കിഷ്ടം. തന്റെ മുന്നിലെ സീറ്റിൽ വെളുത്ത് മെലിഞ്ഞസുന്ദരനായ ഒരു യുവാവ്.അയാൾ അവളെ ഒരു തവണ നോക്കി,അവൾ അയാളെയും. അയാൾ അറിയാതെ അവൾ അയാളിൽ ആകൃഷ്ടനായി കഴിഞ്ഞിരുന്നു.ഇടയ്ക്ക് എപ്പോഴോ അയാളൊരു നോട്ടമെറിഞ്ഞു. അവൾ ആകെ ഒന്ന് ചമ്മി. ഹുങ്കാര ശബ്ദത്തോടെ ട്രെയിൻ ഇളകി. പ്രതീക്ഷിക്കാത്തതിനാൽ അവളുടെ കയ്യിലെ പുസ്തകം താഴെ വീണു.അത് എടുക്കാനായി അവൾ കുനിഞ്ഞു, ഒപ്പം അയാളും . അയാളുടെ കഴുത്തിൽതിളങ്ങിക്കിടന്ന സ്വർണ്ണമാല അവൾ ശ്രദ്ധിച്ചു.

'താങ്ക്സ്''......

മറുപടിയായി അയാളിൽ നിന്നൊരു പുഞ്ചിരി മാത്രം പിന്നെ അവൾ അയാളോട് ഒന്ന് രണ്ട് കാര്യങ്ങൾ ചോദിച്ചു. വാസ്തവത്തിൽ അവൾ അയാളോട് ഇടിച്ചു കയറി സംസാരിക്കുകയായിരുന്നു. ഒന്ന് രണ്ട് വാക്കുകളിൽ അയാൾ നിർത്തി. അവൾക്ക് അയാളോട് അമർഷം തോന്നി.

ഇയാൾ എന്താ വലിയ ഗമ കാണിക്കുന്നെ?...ഒന്ന് സംസാരിച്ചാൽ എന്താ?... വല്യ ആളാകുന്നു... അവൾ ചിന്തിച്ചുചിന്തിച്ചു. അടുത്ത സ്റ്റേഷനിൽ ട്രെയിൻ നിൽക്കുമ്പോൾ അരികിലെ കുടുംബം അവിടെയിറങ്ങി.അവൾ തനിച്ചായി... അയാൾ നിർവികാരനായി ജനാലയ്ക്ക് അപ്പുറത്തേക്ക് ശൂന്യതയിൽ നട്ടിരിക്കുന്നത് പോലെ  ട്രെയിൻ ഇളകി തുടങ്ങിയപ്പോൾ കണ്ടാൽ മാന്യൻ എന്ന് തോന്നിക്കുന്ന ഒരു വ്യക്തി ചാടി കയറി, തന്റെ അരികിൽ വന്നിരുന്നത് അവർ ശ്രദ്ധിച്ചില്ല.കായൽ പരപ്പുകളിൽ കണ്ണുകൾ നട്ട് അവളിരുന്നു. ഇടയ്ക്കെപ്പോഴോ  കാലിൽ ഒരു തണുത്ത സ്പർശം, ഇത്രയും നേരമില്ലാത്തത്. അവൻ താഴേക്ക് നോക്കിയപ്പോൾ അരികിൽ വന്നിരുന്ന മാന്യന്റെ കാലായിരുന്നു അത്. അവൾ അയാളിലേക്ക് ഒരു നോട്ടം എറിഞ്ഞപ്പോൾ അയാൾ കണ്ണിറുക്കി കാണിച്ചു ചിരിച്ചു. അനിഷ്ടത്തോടെ അതിലുപരി ദേഷ്യത്തോടെ അവൾ അയാളെ നോക്കി. അയാളുടെ മുഖം കറുത്ത മേഘങ്ങൾ പോലെ മങ്ങി.പത്രം നിവർത്തുമ്പോഴും മടക്കുമ്പോഴും അയാളുടെ പരുത്തൻ കൈകൾ അവളെ തലോടാനായി വെമ്പുന്നതായി അവൾക്ക് തോന്നി.ഒരിക്കൽ കൂടി അയാൾ തന്നെ തട്ടിയപ്പോൾ അവൾ എഴുന്നേറ്റു.

'ഞാനിവിടെ ഇരിക്കുന്നത് കൊണ്ട് താങ്കൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?'

'ഇല്ല മാഡം...'

അവൾ സീറ്റിൽ തന്നെ ഇരുന്നു.മുന്നിലെ ചെറുപ്പക്കാരൻ ഒന്നു നോക്കി എന്നല്ലാതെ പ്രതികരിച്ചില്ല.തനിക്ക് ഇറങ്ങേണ്ട സ്റ്റേഷൻ അടുത്തിരിക്കുന്നു,അവൾ അയാളെ ഒന്നു നോക്കി.. സാരി ശരിയാക്കി.. മുടി ഒന്ന് ഒതുക്കി വച്ചു... ബാഗെടുത്തു.. താൻ ഇറങ്ങുകയായെന്ന് അയാൾക്ക് തോന്നിയില്ലേ?...

അയാൾ തിരക്കിട്ട് എന്തോ എഴുതുന്നു, ഒന്ന് നോക്കിയിരുന്നെങ്കിൽ ബൈ പറയാമായിരുന്നു.ചെറിയൊരു അമർഷത്തോടെ അവൾ എഴുന്നേറ്റു.. ട്രെയിൻ നിന്നു.ബാഗുകൾ ഓരോന്നായി പുറത്തുവച്ച് അവൾ ഇറങ്ങി.അവസാനത്തെ ബാഗ് പുറത്തേക്കുമ്പോൾ പ്രതീക്ഷിക്കാത്ത ഒരു കൈ അവളുടെ മുന്നിൽ വന്നു. അതേ.. ആ ചെറുപ്പക്കാരൻ. അവൾ അയാളെ നോക്കി ഒന്നു മന്ദഹസിച്ചു. അയാൾ ഒരു വെള്ളപേപ്പർ അവൾക്ക് നേരെ നീട്ടി.

അവൾ അത് വാങ്ങി വായിക്കുമ്പോഴേക്കും ട്രെയിൻ നീങ്ങി തുടങ്ങിയിരുന്നു.

'എനിക്കിഷ്ടമായി.. നമ്മൾ ഇനിയും കാണും...'

ദൂരെ നിന്നയാൾ കൈ ഉയർത്തി യാത്ര പറഞ്ഞു .ഒരു നഷ്ടബോധത്തോടെ അവൾ നിന്നു പോയി.

പേരറിയില്ല...നമ്പർ...നീല ഷർട്ട് മാത്രം അറിയാം.ആ വെള്ള പേപ്പർ നിധി പോലെ അവൾ സൂക്ഷിച്ചു. ഇന്നലെ കണ്ടവർ ഇന്ന് അന്യർ. ഇന്നത്തെ പരിചിതർ നാളെ അപരിചിതർഇന്നത്തെ പരിചിതർ നാളത്തെ അപരിചിതർ....മനുഷ്യനെ അങ്ങനെ പഠിപ്പിച്ചത് ജീവിതമാണ്. ഇന്ന് ഓർമ്മകൾക്കാണ് സുഗന്ധം കൂടുതൽ

നജ്മത്ത് എം പി
10 L





# SLOWLY

***Is it strange to be for***
***slow days***
***filled with the quiet moments***
***of happiness***
***The world will be a rush,***
***But I choose***
***to remain still***
***Is it strange to be for***
***slow days......***

Mayukha Prakash
9 A

## ഡേ നൈറ്റ് മാച്ച്

,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,

ഉണർന്നപാടേ
ഒരു സെൽഫിയെടുത്ത്
ഫിൽറ്ററിൽ മുക്കി
സ്റ്റാറ്റസിട്ടു.
വ്യൂവേഴ്സ് ലിസ്റ്റിൽ
നോക്കിയിരുന്നു.

വാട്സാപ്പ്
തൊട്ടുകൂട്ടി
ബ്രേക്ക് ഫാസ്റ്റ് കഴിച്ചു.
മമ്മിക്കൊരു സ്മൈലി
ഡാഡിക്കൊരു
കലിപ്പൻ ഇമോജി
കാമുകിമാർക്ക്
ഹൃദയചിഹ്നങ്ങൾ
വാരി വിതറി .

എഫ്.ബി യിലൊന്ന്
മുഖംകാട്ടി.
ലൈക്കുകൾ എണ്ണി
കമന്റുകൾക്ക്
റിപ്ലേ വിട്ടു.
പ്രതിഷേധങ്ങളോടും
പ്രണയ വേദനകളോടും
ഐക്യപ്പെട്ടു.
മരണങ്ങൾക്ക്
ആദരാഞ്ജലി
പിറന്നാളുകൾക്ക്
കേക്കിൻ തുണ്ടുകൾ
കണ്ടതിനൊക്കെ
ലൈക്കടിച്ചു.
ലൈക്ക് തൊഴിലാളി
യൂണിയൻറെ അംഗത്വം പുതുക്കി.


ആമസോണിലൊന്ന് കറങ്ങി
ചിലതെല്ലാം വാങ്ങി
പലതും
കൊട്ടയിൽ നിറച്ചു വെച്ചു.
ഫോൺ പേയിൽ
ബില്ലടച്ചു.

ചുമ്മാ
ജനൽ തുറന്ന്
പുറത്തേക്ക് നോക്കി
ലോകം
റ്റു ജി വേർഷനിലെ
വീഡിയോ ഗെയിം പോലെ
ട്രോളായ് തോന്നി.
ജനൽ വലിച്ചടച്ചു.


യൂറ്റൂബിനൊപ്പം
ലഞ്ചിനിരുന്നു
റീൽസുകൾ
തിന്ന് വയറു നിറഞ്ഞു.
ഏതൊക്കെയോ
ആപ്പുകൾ
പരസ്യവുമായ്
എത്തി നോക്കി .

ചാറ്റ് ജി.പി.ടിയുമായി
കുശലം പറഞ്ഞിരിക്കവെ
ഡിന്നറുമായ്
സ്വിഗ്ഗി വന്നു.
മെസഞ്ചറിനൊപ്പം
നുണഞ്ഞു.

ഓർമകളിൽ
ചിലതിനെ
ഗൂഗിൾ ഡ്രൈവിൽ കയറ്റി വിട്ടു.
ഫ്രീ ഫയറിൽ കയറി
ആരെയൊക്കെയോ
വെടി വെച്ചു.
ചോരക്കറകൾ
ഡിലീറ്റു ചെയ്തു.
ചാറ്റ് ബോക്സുകൾ
കഴുകിത്തുടച്ചു വെച്ചു.
നാളത്തേക്കുള്ള
പ്രൊഫൈൽ പിക് കുതിർത്തു വെച്ചു.
വാലും തലയും മുറിച്ച്
സ്റ്റോറികളിൽ
മസാല പുരട്ടി ഒരുക്കി നിർത്തി.
സ്റ്റാറ്റസുകൾ
ചിരകി വെച്ചു.
തിരുകി നിറച്ച ഒച്ചകളെ
കാതിൽ നിന്നും
തൽക്കാലത്തേക്ക്
അഴിച്ചുവിട്ടു.
സ്ലീപ്പിങ് ആപ്പിൽ നിന്നും
ഉറക്കം ഡൗൺലോഡ് ചെയ്തു.
ഹൈപ്പർലിങ്കിൻ
തുരങ്ക പാത വഴി
ഇൻസ്റ്റ ഗ്രാമത്തിലേക്ക്
നൂണ്ടു കയറി .
വൈകി മാത്രം
എത്തിച്ചേരുന്ന
അതിഥികളെ കാത്ത്
സ്വയമൊരു റീലായ്
കറങ്ങി .



റിയാസ് കളരിക്കൽ
HST മലയാളം



# കമ്പ്യൂട്ടർ ലോകം

ഇന്നത്തെ ലോകത്ത് കമ്പ്യൂട്ടർ എത്രത്തോളം അനിവാര്യമാണെന്ന് വിശദീകരിക്കേണ്ട ആവശ്യമില്ല. ഒരു കാലത്ത് ശാസ്ത്രസങ്കൽപത്തിന്റെ പരിധിയിൽ ഒതുങ്ങിയിരുന്ന യന്ത്രം ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഏറ്റവും അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസം, ആശയവിനിമയം, വ്യവസായം, വിനോദം തുടങ്ങി എല്ലാ മേഖലകളിലും കമ്പ്യൂട്ടറിന്റെ സ്വാധീനം അനുഭവപ്പെടുന്നു.

മനുഷ്യമനസ്സിന്റെ വേഗതയിൽ പ്രവർത്തിക്കുന്ന ഈ യന്ത്രം വിവരങ്ങൾ സംഭരിക്കുക, സംസ്കരിക്കുക, സംരക്ഷിക്കുക എന്നിവയിൽ മിടുക്കനാണ്. കണക്കുകൂട്ടലുകൾ നിമിഷങ്ങളിൽ ചെയ്തുതരുന്നതുകൊണ്ട് ശാസ്ത്രഗവേഷണം, ബഹിരാകാശ പഠനം, മരുന്ന് കണ്ടുപിടിക്കൽ തുടങ്ങിയ മേഖലകളിൽ ഇത് വലിയ പുരോഗതി സാധ്യമാക്കി. വിദ്യാഭ്യാസ മേഖലയിലും കമ്പ്യൂട്ടർ വിപ്ലവം സൃഷ്ടിച്ചിരിക്കുന്നു. ഇ-ലേണിങ്ങ് പോലുള്ള രീതികൾ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു.



ആശയവിനിമയ മേഖലയിലും കമ്പ്യൂട്ടർ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇ-മെയിൽ, സോഷ്യൽ മീഡിയ, വീഡിയോ കോളിങ്ങ് തുടങ്ങിയ സൗകര്യങ്ങൾ ലോകത്തിന്റെ വിവിധ കോണുകളിലുള്ള ആളുകളെ കൂടുതൽ അടുപ്പിച്ചു. വിദൂര വിദ്യാഭ്യാസം, ടെലിമെഡിസിൻ പോലുള്ള സേവനങ്ങൾ നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ സഹായിക്കുന്നു.

വ്യവസായ മേഖലയിലും കമ്പ്യൂട്ടറിന്റെ പ്രാധാന്യം ചെറുതായി കാണാൻ കഴിയില്ല. റോബോട്ടുകൾ ഉപയോഗിച്ച് വ്യവസായ ഉത്പാദനം വേഗത്തിലാക്കാനും ചെലവ് കുറയ്ക്കാനും കഴിഞ്ഞു. കൂടാതെ, ഉത്പാദന നിലവാരം മെച്ചപ്പെടുത്താനും ഗുണനിയന്ത്രണം കർശനമാക്കാനും കമ്പ്യൂട്ടർ സഹായിക്കുന്നു.

വിനോദ മേഖലയിലും കമ്പ്യൂട്ടർ വലിയ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ഓൺലൈൻ ഗെയിമുകൾ, സംഗീതം കേൾക്കൽ, സിനിമ കാണൽ തുടങ്ങിയ വിനോദങ്ങൾ കമ്പ്യൂട്ടർ നമ്മുടെ വിരൽത്തുമ്പിൽ എത്തിച്ചു. എന്നാൽ, ഇത്തരം വിനോദങ്ങളിൽ അമിതമായി മുഴുകുന്നത് ആരോഗ്യത്തിനും മാനസികാവസ്ഥയ്ക്കും ദോഷകരമാണെന്ന കാര്യം നാം മറക്കരുത്.

കമ്പ്യൂട്ടർ ഒരു വരദാനമാണെങ്കിലും അതിന്റെ ദുരുപയോഗം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം.

ആമിന മിൻഹ ടി
10 D

കാറ്റ് –ന്റെ അവസാന വരികളിലെത്തുമ്പോൾ,വിടപറയാനല്ല, വീണ്ടും കാണാനുള്ള വാഗ്ദാനങ്ങളുമായി... പുതിയ ചിന്തകൾ, പുതിയ സങ്കൽപ്പങ്ങൾ, പുതിയ നാളുകൾക്കായി, സ്നേഹത്തോടെ, കാറ്റ് .

